(ഇ) സ്ഥലവില ഉയർന്നതിനാൽ വ്യവസായികൾക്ക് യൂണിറ്റുതുടങ്ങാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്ത് പരിഹാരമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സിഡ്കോയുടെ കീഴിൽ 17 വ്യവസായ എസ്റ്റേറ്റുകളും 36 മിനി വ്യവസായ എസ്റ്റേറ്റുകളും ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്[†]

(ബി) സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റ്, മിനി വ്യവസായ എസ്റ്റേറ്റ്, ഇൻസന്ഡ്രിയൽ പാർക്ക് എന്നിവയിൽനിന്ന് ലഭ്യതയ്ക്ക് അനുസൃതമായി ചെറുകിട വ്യവസായം ആരംഭിക്കാൻ താല്ക്കാലിക വില അടിസ്ഥാനത്തിൽ സ്ഥലം അനുവദിച്ചു കിട്ടുന്നതിനായി ജില്ലയിലെ ബന്ധപ്പെട്ട സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനേജരെ സമീപിച്ച് അപേക്ഷ സമർപ്പിക്കണം. പ്രോജക്ട് റിപ്പോർട്ട് വിലയിരുത്തി അപേക്ഷയുടെ മുൻഗണനാക്രമം അനുസരിച്ചാണ് അലോട്ടുമെന്റ്. ഒരേ സ്ഥലത്തിന് കൂടുതൽ ആവശ്യക്കാരുള്ളപക്ഷം പൊതു ലേലത്തിൽ പങ്കെടുക്കേണ്ടതായി വരും.

(സി) ഇപ്പോഴത്തെ വില നിശ്ചയിച്ചു കിട്ടിയിട്ടില്ല. വില നിശ്ചയിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു;

(ഡി) സിഡ്കോ താൽക്കാലികവിലയ്ക്കാണ് വ്യവസായത്തിനായി സ്ഥലം അനുവദിക്കാറുള്ളത്. പൂർണ്ണമായ വില ഇതുവരെയും ആരുടെ കൈയിൽ നിന്നും ഈടാക്കിയിട്ടില്ല.

(ഇ) ഇല്ല

31 (2179) ലാന്റ് സ്കേപ്പിംഗ് നടത്തിയതിലെ അപാകതകൾ

ശ്രീ വി.ജെ. പൗലോസ് :

ശ്രീ. ജോർജ് ജെ. കാട്ടൂ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ട് കോമ്പൗണ്ട് ലാൻഡ് സ്കേപ്പിംഗ് നടത്തിയോ;

(ബി) അതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവോ;

(സി) എങ്കിൽ എന്തു തുകയ്ക്കുള്ളതായിരുന്നു എസ്റ്റിമേറ്റ്;

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലെങ്കിൽ കാരണമെന്ത്;

(ഇ) ആരുടെ മേൽനോട്ടത്തിലാണ് ഈ ജോലികൾ നടത്തിയത്;

(എഫ്) ഇത് സംബന്ധിച്ച് വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തതിന് അനുഭവത്തിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ലാന്റ് സ്കേപ്പിംഗ് സംബന്ധമായ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റുചെയ്തിട്ടുണ്ടോ;

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എങ്കിൽ ആഡിറ്റ് എൻകയറിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വീഴ്ചകൾ എന്തെല്ലാമാണ്;

(ഐ) ഈ വീഴ്ചകൾക്ക് ഉത്തവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) തയ്യാറാക്കിയിരുന്നു.

(സി ഒരുലക്ഷത്തി അറുപത്തി അയ്യായിരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

(ഡി) ബാധകമല്ല.

(ഇ) ശ്രീ. കാനായി കുഞ്ഞിരാമന്റെ മേൽനോട്ടത്തിലും, കോർപ്പറേഷൻ നിയോഗിച്ച ഒരു കമ്മിറ്റിയുടെ സഹായത്തോടെയുമാണ് ജോലികൾ നടത്തിയത്.

(എഫ്) വിവിധ ഇനങ്ങളിൽ നടത്തിയ ചെലവുകൾ ഓഡിറ്റുചെയ്ത ശ്രീ. കാനായി കുഞ്ഞിരാമന്റെ അംഗികാരം നേടിയിട്ടുണ്ട്.

(ജി) ആഡിറ്റ് ചെയ്തിട്ടുണ്ട്.

(എച്ച്)&(ഐ) ആഡിറ്റ് സമയത്ത് ചൂണ്ടിക്കാണിച്ച അപാകതകൾ അപ്പോഴപ്പോൾ പരിഹരിച്ച് നടപടി സ്വീകരിച്ചതിനാൽ റിപ്പോർട്ടിൽ ആയത് ഉൾപ്പെട്ടില്ല. അതിനാൽ പ്രത്യേകം നടപടി എടുക്കേണ്ടിവന്നില്ല.

32 (2180) കോട്ടയം ട്രാവൻകൂർ റബ്ബർ ആന്റ് ടി കമ്പനി

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ട്രാവൻകൂർ റബ്ബർ ആൻഡ് ടി കമ്പനി ലോക്കൗട്ട് ചെയ്തിരിക്കുകയാണോ;

(ബി) എന്നാണ് ലോക്കൗട്ട് ചെയ്തത്;

(സി) ലോക്കൗട്ടിനുള്ള കാരണമെന്താണ്;

(ഡി) ഇവിടെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ഇ) ലോക്കൗട്ട് പിൻവലിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആണ്.

(ബി) 10/1/2000-ൽ.

(സി) 1999-ൽ മാനേജ്മെന്റ് 8.33 ശതമാനം ബോണസ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ 20 ശതമാനം ബോണസ് വേണമെന്ന ആവശ്യം മുൻനിർത്തി തൊഴിലാളികൾ സമരം നടത്തുകയും പ്രസ്തുത സമരം നിമിത്തം ലോക്കൗട്ട് പ്രഖ്യാപിക്കുകയും ചെയ്തു.

(ഡി) 1300 തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly